©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 14<br>Vol. XIV | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2025 ജനുവരി 23<br>23rd January 2025<br>1200 മകരം 10<br>10th Makaram 1200<br>1946 മാഘം 3<br>3rd Magha 1946 | നമ്പർ<br>No. | 230 |

## OFFICE OF THE RETURNING OFFICER
## KERALA NURSES AND MIDWIVES COUNCIL ELECTION 2024

### NOTICE

No. EL/110000/2024/NC. *Dated, Thiruvananthapuram, 20th January, 2025.*

In exercise of the powers conferred by rule 6 of the Kerala Nurses and Midwives Rules, 1972, the Returning Officer, as being authorized by G.O. (Ms.) No. 245/2024/H&FWD, dated 27-9-2024 for holding election to Kerala Nurses and Midwives Council under clauses (d) & (e) of sub-section (2) of section 3 of the Nurses and Midwives Act, 1953 (Act X of 1953), hereby publish the notice specifying the number of persons to be elected, the date, time and place for the purposes noted against each as hereunder:–

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | |
|---|---|---|
| A | The number of persons to be elected | Six persons to be elected by registered nurses from among the Nurses registered in Part A of the register of nurses, of whom one shall be a member of the Trained Nurses of Association of Indian registered in the State of Kerala. One shall be a member of the Kerala Government Nurses Association and one nurse working in a private hospital in the State. One person to be elected by registered Midwives from among the Midwives registered in Part A of the register of Midwives; and Two person from among the registered Auxiliary Nurses –Midwives. |
| B | Receipt of nomination paper | Before 5pm on 31st January, 2025 in the Office of the Returning Officer, Election to Kerala Nurses and Midwives Council, Red Cross Road, Thiruvananthapuram -35. |
| C | Scrutiny of nomination paper | 6th February, 2025, 2 pm in the office of the Returning Officer. |
| D | Withdrawal of nominations | 11th February, 2025, 3.00 pm |
| E | Last date for despatch of voting papers to the electors | 18th June, 2025, 5 pm. |
| F | Last day and time for receipt of voting papers | 1st July, 2025, 5 pm in the office of the Returning Officer. |
| G | Date and time for commencement of counting of votes | 4th July, 2025 10 am Government School of Nursing Auditorium, Thiruvananthapuram. |

## General Instruction

1. Every candidate for election shall be nominated by means of the nomination paper in Form No. II in Appendix I of the Kerala Nurses and Midwives Rule, 1972, which will be supplied free of cost at the Office of the Returning Officer to any elector applying for it in person.

2. Each nomination paper, containing the declaration of the candidate expressing his willingness to stand for election, shall be signed by two electors as proposer and seconder and sent by post or by hand so as to reach the Returning Officer, in the Office of the Returning Officer, Election to Kerala Nurses and Midwives Council 2024, Red Cross Road, Thiruvananthapuram – 35, before 5.00 pm on 31st January, 2025.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

3. Every candidate shall furnish along with his nomination paper a deposit of ₹50. The amount may be remitted in the name of Registrar, Kerala Nurses and Midwives Council in cash and the receipt issued by him shall be submitted along with the nomination paper before the Returning Officer.

4. The same elector may subscribe as many nomination papers as there are vacancies to be filled, but not more. The name of each elector signing nomination papers should appear in the final electoral roll published by the Kerala Nurses and Midwives Council on 9th January, 2025. Candidates contesting for vacancies set apart for members of the TNAI and KGNA should produce attested copies of the ID card issued by their association or certificate from the Secretary of the Association in proof of their membership in the association, and candidates contesting for the vacancy for nurse working in a private hospital in the State should produce certificate from the Hospital Authority, along with their nomination paper.

5. Nomination paper received after 5.00 pm on 31st January, 2025 will be rejected.

6. On the date place and the time appointed for scrutiny of nomination papers, the candidates and the proposer and seconder of each candidates may attend the office of the Returning Officer to examine the nomination paper of all the candidates.

7. The Returning Officer will decide all questions which may arise as to the validity of any nomination and his decision thereon shall be final.

8. Any candidate may withdraw his candidature by notice in writing signed by him and delivered to the Returning Officer before 3 pm of 11th February, 2025. A candidate who has withdrawn his candidature is not allowed to cancel the withdrawal or to be re-nominated as a candidate.

ARUN KUMAR S. S.,
*Returning Officer,*
*Election to the Kerala Nurses and Midwives Council 2024,*
*Red Cross Road, Thiruvananthapuram.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# റിട്ടേണിംഗ് ഓഫീസറുടെ കാര്യാലയം
# കേരള നഴ്സസ് ആന്റ് മിഡ്‌വൈവ്സ് കൗൺസിൽ തെരഞ്ഞെടുപ്പ് 2024

## നോട്ടീസ്

നമ്പർ ഇഎൽ/110000/2024/എൻ.സി. *2025 ജനുവരി 20.*

1972-ലെ കേരള നഴ്സസ് ആന്റ് മിഡ്‌വൈവ്സ് ചട്ടങ്ങളിലെ 6-ാം ചട്ടപ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചു കൊണ്ട്, 1953-ലെ നഴ്സസ് ആന്റ് മിഡ്‌വൈവ്സ് ആക്ട് (1953-ലെ 10-ാം ആക്ട്) 3-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ഡി), (ഇ) എന്നീ ഖണ്ഡങ്ങൾ പ്രകാരം കേരള നഴ്സസ് ആന്റ് മിഡ്‌വൈവ്സ് കൗൺസിലിലേക്ക് തെരഞ്ഞെടുപ്പ് നടത്തുന്നതിനായി 27-9-2024-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 245/2024/ആ.കു.വ പ്രകാരം അധികാരപ്പെടുത്തിയിട്ടുള്ള വരണാധികാരി, തെരഞ്ഞെടുക്കപ്പെടേണ്ട അംഗങ്ങളുടെ എണ്ണം അറിയിച്ചുകൊണ്ടും താഴെപ്പറയും പ്രകാരമുള്ള കാര്യങ്ങൾക്കായി സമയവും, തീയതിയും, സ്ഥലവും നിശ്ചയിച്ചുകൊണ്ടും ഉള്ള നോട്ടീസ്, ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു.

| | | |
|---|---|---|
| എ | തെരഞ്ഞെടുക്കപ്പെടേണ്ട അംഗങ്ങളുടെ എണ്ണം | നഴ്സസ് രജിസ്റ്ററിൽ പാർട്ട് എ-യിൽ രജിസ്റ്റർ ചെയ്തിട്ടുള്ള നഴ്സുമാർ തങ്ങളിൽ നിന്നും തെരഞ്ഞെടുക്കേണ്ട ആറ് അംഗങ്ങൾ. അവരിൽ ഒരാൾ കേരള സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള ട്രയിൻഡ് നഴ്സസ് അസ്സോസിയേഷൻ ഓഫ് ഇന്ത്യയിലെ അംഗവും, കേരള ഗവ. നഴ്സസ് അസോസിയേഷനിലെ അംഗവും, ഒരാൾ കേരളത്തിലെ ഒരു സ്വകാര്യ ആശുപത്രിയിൽ ജോലി ചെയ്യുന്ന നഴ്സും ആയിരിക്കേണ്ടതാണ്.<br>മിഡ്‌വൈവ്സ് രജിസ്റ്ററിൽ പാർട്ട് എ-യിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മിഡ്‌വൈഫുമാർ തങ്ങളുടെ ഇടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരാളും, രജിസ്റ്റർ ചെയ്തിട്ടുള്ള ആക്സിലിയറി നഴ്സസ് മിഡ്‌വൈഫുമാർ തങ്ങളിൽ നിന്നും തെരഞ്ഞെടുക്കുന്ന രണ്ടാളും. |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | |
|---|---|---|
| ബി | നാമനിർദ്ദേശ പത്രിക ലഭിക്കേണ്ട തീയതി | 2025 ജനുവരി 31 വൈകിട്ട് 5 മണിക്ക് മുമ്പ് വരണാധികാരി, കേരള നഴ്സസ് ആന്റ് മിഡ്‌വൈവ്സ് കൗൺസിൽ തെരഞ്ഞെടുപ്പ്, റെഡ്ക്രോസ് റോഡ്, തിരുവനന്തപുരം-695035 എന്ന വിലാസത്തിൽ ലഭിച്ചിരിക്കണം. |
| സി | നാമനിർദ്ദേശ പത്രികയുടെ സൂക്ഷ്മ പരിശോധന | 2025 ഫെബ്രുവരി 06 ഉച്ചക്ക് 2 മണിക്ക് റിട്ടേണിംഗ് ഓഫീസറുടെ ഓഫീസിൽ |
| ഡി | നാമനിർദ്ദേശ പത്രിക പിൻവലിയ്ക്കൽ | 2025 ഫെബ്രുവരി 11 ഉച്ചക്ക് 3 മണിക്ക് മുമ്പ് |
| ഇ | സമ്മതിദായകർക്കു വോട്ടിങ്ങ് പേപ്പർ അയയ്ക്കേണ്ട അവസാന തീയതി | 2025 ജൂൺ 18 വൈകുന്നേരം 5 മണിക്ക് മുമ്പ് |
| എഫ് | വോട്ടിങ്ങ് പേപ്പർ തിരികെ ലഭിക്കേണ്ട അവസാന തീയതിയും സമയവും | 2025 ജൂലൈ 01 വൈകുന്നേരം 5 മണിക്ക് മുമ്പ് റിട്ടേണിംഗ് ഓഫീസറുടെ ഓഫീസിൽ |
| ജി | വോട്ട് എണ്ണൽ തുടങ്ങുന്ന ദിവസവും സമയവും | 2025 ജൂലൈ 04 രാവിലെ 10 മണിക്ക് തിരുവനന്തപുരം സർക്കാർ നഴ്സിംഗ് സ്കൂൾ ആഡിറ്റോറിയം |

## പൊതുനിർദ്ദേശങ്ങൾ

1. തെരഞ്ഞെടുപ്പിൽ മത്സരിക്കുവാൻ ഉദ്ദേശിക്കുന്ന ഓരോ സ്ഥാനാർത്ഥിയും 1972-ലെ കേരള നഴ്സസ് ആന്റ് മിഡ്‌വൈവ്സ് ചട്ടങ്ങളിലെ അനുബന്ധം 1-ലെ 2-ാം നമ്പർ ഫോറത്തിൽ നാമനിർദ്ദേശ പത്രിക നൽകേണ്ടതാണ്. ഫോറം വരണാധികാരിയുടെ ഓഫീസിൽ നേരിട്ട് അപേക്ഷിക്കുന്ന വോട്ടർമാർക്ക് സൗജന്യമായി ലഭിക്കും.

2. തെരഞ്ഞെടുപ്പിൽ മത്സരിക്കുവാൻ സന്നദ്ധനാണെന്ന പ്രഖ്യാപനം ഉൾക്കൊള്ളുന്ന ഓരോ നാമനിർദ്ദേശ പത്രികയും ഒരു സമ്മതിദായകൻ നിർദ്ദേശകനായും മറ്റൊരു സമ്മതിദായകൻ പിൻതാങ്ങിയതായും ഒപ്പിടേണ്ടതും, ആയത് നേരിട്ടോ തപാൽ മുഖേനയോ, 2025 ജനുവരി 31 വൈകിട്ട് 5 മണിക്ക് മുമ്പായി തിരുവനന്തപുരം റെഡ്ക്രോസ് റോഡിലുള്ള വരണാധികാരി, കേരള നഴ്സസ് ആന്റ് മിഡ്‌വൈവ്സ് കൗൺസിൽ തെരഞ്ഞെടുപ്പ് 2024, റെഡ്ക്രോസ് റോഡ്, തിരുവനന്തപുരം-695 035 എന്ന വിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

3. ഓരോ സ്ഥാനാർത്ഥിയും നാമനിർദ്ദേശ പത്രികയോടൊപ്പം അമ്പതു രൂപ ഡിപ്പോസിറ്റായി നൽകേണ്ടതാണ്. തുക പണമായി കേരള നഴ്സസ് ആന്റ് മിഡ്‌വൈവ്സ് കൗൺസിൽ രജിസ്ട്രാറുടെ പേരിൽ ഒടുക്കി അദ്ദേഹം നൽകുന്ന രസീത് നാമനിർദ്ദേശ പത്രികയോടെപ്പം വരണാധികാരിക്ക് സമർപ്പിക്കേണ്ടതാണ്.

4. ഓരോ സമ്മതിദായകനും നികത്താനുള്ള ഒഴിവുകളുടെ അത്ര എണ്ണത്തിൽ കൂടുതൽ നാമനിർദ്ദേശ പത്രികയിൽ ഒപ്പിടുവാൻ പാടുള്ളതല്ല. നാമനിർദ്ദേശ പത്രികയിൽ ഓരോ സമ്മതിദായകന്റെയും പേര് കേരള നഴ്സസ് ആന്റ് മിഡ്‌വൈവ്സ് കൗൺസിൽ 2025 ജനുവരി 9-ാം തീയതി പ്രസിദ്ധീകരിച്ച അന്തിമ വോട്ടർപട്ടികയിൽ ഉണ്ടായിരിക്കേണ്ടതാണ്. ടി.എൻ.എ.ഐ-യുടെയും, കെ.ജി.എൻ.എ.-യുടെയും അംഗങ്ങൾക്കായി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേക്ക് മത്സരിക്കുന്ന സ്ഥാനാർത്ഥികൾ പ്രസ്തുത സംഘടനകളിലെ തങ്ങളുടെ അംഗത്വം തെളിയിക്കുന്നതിലേക്കായി അവരുടെ സംഘടന നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പോ, സംഘടനാ സെക്രട്ടറിയുടെ സാക്ഷ്യപത്രമോ നാമനിർദ്ദേശ പത്രികയോടൊപ്പം ഹാജരാക്കേണ്ടതാണ്. സംസ്ഥാനത്തെ സ്വകാര്യ ആശുപത്രിയിൽ ജോലി ചെയ്യുന്ന നഴ്സിന്റെ ഒഴിവിലേക്ക് മത്സരിക്കുന്ന സ്ഥാനാർത്ഥികൾ ആശുപത്രി അധികാരിയുടെ സാക്ഷ്യപത്രം നാമനിർദ്ദേശ പത്രികയോടൊപ്പം ഹാജരാക്കേണ്ടതാണ്.

5. 2025 ജനുവരി 31 വൈകിട്ട് 5 മണിക്കുശേഷം ലഭിക്കുന്ന നാമനിർദ്ദേശ പത്രികകൾ നിരസിക്കപ്പെടുന്നതാണ്.

6. നാമനിർദ്ദേശ പത്രികയുടെ സൂക്ഷ്മ പരിശോധനക്കായി നിശ്ചയിച്ചിട്ടുള്ള സ്ഥലത്തും സമയത്തും തീയതിയിലും, നാമനിർദ്ദേശ പത്രിക നൽകിയിട്ടുള്ള സ്ഥാനാർത്ഥികൾക്കും ഓരോ സ്ഥാനാർത്ഥിയുടെയും നിർദ്ദേശകനും, പിൻതാങ്ങിയ ആൾക്കും വരണാധികാരിയുടെ ഓഫീസിലെത്തി എല്ലാ സ്ഥാനാർത്ഥികളുടെയും നാമനിർദ്ദേശ പത്രികകൾ പരിശോധിക്കാവുന്നതാണ്.

7. നാമനിർദ്ദേശത്തിന്റെ സാധുത സംബന്ധിച്ച് ഉയർന്നേക്കാവുന്ന എല്ലാ ചോദ്യങ്ങളും വരണാധികാരി തീരുമാനിക്കുന്നതും, ഇക്കാര്യത്തിൽ വരണാധികാരി യുടെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

8. 2025 ഫെബ്രുവരി 11 പകൽ 3 മണിക്ക് മുമ്പായി വരണാധികാരിക്ക് എഴുതി ഒപ്പിട്ടു നൽകിയ നോട്ടീസ് മുഖാന്തിരം ഏതൊരു സ്ഥാനാർത്ഥിക്കും സ്ഥാനാർത്ഥിത്വത്തിൽ നിന്നും പിൻവാങ്ങാവുന്നതാണ്. സ്ഥാനാർത്ഥിത്വത്തിൽ നിന്നും പിൻവാങ്ങിയ സ്ഥാനാർത്ഥിയെ പിൻവാങ്ങൽ റദ്ദാക്കുന്നതിനോ, സ്ഥാനാർത്ഥിയായി പുനർ നാമനിർദ്ദേശം നൽകുന്നതിനോ അനുവദിക്കുന്നതല്ല.

**അരുൺ കുമാർ എസ്. എസ്.,**

വരണാധികാരി,
കേരള നഴ്സ്സ് ആന്റ് മിഡ്വൈവ്സ് കൗൺസിൽ തെരഞ്ഞെടുപ്പ് 2024.
റെഡ്ക്രോസ് റോഡ്, തിരുവനന്തപുരം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.01.23 07:38:41 +05:30